# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3729

**25.06.2013**- ലെ മറുപടിക്ക്

## സഹകരണ സംഘങ്ങളിലെ അടിസ്ഥാന രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളിലെ അടിസ്ഥാന രേഖകൾ, രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സൂക്ഷിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ സഹകരണ സംഘങ്ങളിലെ അടിസ്ഥാന രേഖകൾ രജിസ്റ്ററുകൾ എന്നിവ കാലാനുസൃതമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സൂക്ഷിക്കുന്നതിനുള്ള പദ്ധതിയും ഉൾപ്പെട്ടിട്ടുണ്ട്. |
| ബി) ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതോടൊപ്പം സംഘത്തിലെ ഓരോ അംഗവും അവർ അംഗങ്ങളായ സംഘത്തിന്റെ/ബാങ്കിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാകേണ്ടതുണ്ടെന്ന ലക്ഷ്യം മുൻനിർത്തി സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിനും, എല്ലാ സംഘാംഗങ്ങൾക്കും അവരുടെ സംഘങ്ങളെ/ബാങ്കുകളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായാണ് "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |

(സി) ഈ പദ്ധതിയുടെ നടത്തിപ്പിന് ആരെല്ലാമാണ് സഹകരിക്കുന്നത്;

(സി) സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ, സഹകാരികൾ, സഹകരണ സംഘം ജീവനക്കാർ, സഹകരണ വകുപ്പ് ജീവനക്കാർ എന്നിവർ ഈ പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി സഹകരിക്കുന്നുണ്ട്.

ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഡി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനും പദ്ധതിയുടെ വിലയിരുത്തലിനുമായി താലൂക്ക് തലത്തിൽ സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ അദ്ധ്യക്ഷനായും അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്), പി.എ.സി.എസ്. അസോസിയേഷൻ താലൂക്ക്തല ഭാരവാഹികൾ, സർക്കിൾ സഹകരണ യൂണിയൻ അംഗങ്ങൾ, താലൂക്കിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ എന്നിവർ അംഗങ്ങളായും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറായുമുള്ള കമ്മിറ്റിയും, ജില്ലാ തലത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അദ്ധ്യക്ഷനായും, സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻമാർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർ, അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർ, സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർ അംഗങ്ങളായും ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) കൺവീനറായുമുള്ള കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം നടത്തുകയും ആവശ്യമായ പരസ്യപ്രചാരണം നടത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ